(ബി) പദ്ധതിയുടെ വിശദാംശം പഠിച്ചതിനുശേഷം മാത്രമേ ഈ കാര്യത്തിൽ അഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിയുകയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം

1 (333) ശ്രീ. ടി.എം. ജേക്കബ്ബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണ്;

(സി) സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ സംസ്ഥാനത്തിന്റെ ഈ വർഷത്തെ മൊത്തം പദ്ധതി അടങ്കൽ ആയ 3776 കോടി രൂപയിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) പദ്ധതി അടങ്കലിൽ എന്തെങ്കിലും കുറവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)ട്രഷറി വഴിയുള്ള പണമിടപാടുകൾക്ക് സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ അതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(സി) സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ടെങ്കിലും, കടുത്ത സാമ്പത്തിക പ്രതിസന്ധിയൊന്നും നിലവിലില്ല. സംസ്ഥാനത്തിന്റെ സാമ്പത്തികനില പൊതുവെ തൃപ്തികരമാണ്.

(ഡി) നവംബർ 30 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 1615.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) പദ്ധതി ചെലവിൽ കുറവ് വരുത്തുവാൻ തീരുമാനമായിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) ട്രഷറി ഇടപാടുകളുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി ടി.പി/പി.ഡി/ടി.എസ്.ബി. അക്കൗണ്ടുകളിൽ നിന്നുള്ള പേയ്മെന്റിന് 23.12.2000 വരെ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly